(ഇ) ഓരോ റവന്യൂ ടവറുകൾക്കുമായി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവായ തുക ചുവടെ ചേർക്കുന്നു :

അടൂർ റവന്യൂ ടവർ	8.45	കോടി രൂപ
ചങ്ങനാശ്ശേരി റവന്യൂ ടവർ	10.54	കോടി രൂപ
തിരുവല്ല റവന്യൂ ടവർ	10.78	കോടി രൂപ
കോതമംഗലം റവന്യൂ ടവർ	6.89	കോടി രൂപ (പൂർത്തീകരിച്ചത്)
നെടുമങ്ങാട് റവന്യൂ ടവർ	5	കോടി രൂപ (ഏകദേശം)
എറണാകുളം റവന്യൂ ടവർ	13.50	കോടി രൂപ (ഏകദേശം)

ഓരോ റവന്യൂ ടവറിൽ നിന്നും വാടക ഇനത്തിൽ 6/2005 വരെ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

കോതമംഗലം റവന്യൂ ടവർ	37,21,115 രൂപ
തിരുവല്ല റവന്യൂ ടവർ	8,23,641 രൂപ
അടൂർ റവന്യൂ ടവർ	16,96,323 രൂപ
ചങ്ങനാശ്ശേരി റവന്യൂ ടവർ	9,64,708 രൂപ

കൈവശ ഭൂമിക്ക് പട്ടയം നൽകാൻ നടപടി

190. [959] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം നൽകാൻ ഇനിയും എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ തീർപ്പു കൽപ്പിച്ച് പട്ടയം നൽകാൻ ഈ ഗവൺമെന്റിന്റെ കാലത്ത് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) കാസർഗോഡ് താലൂക്കിൽ 2490 അപേക്ഷകളും ഹോസ്ദുർഗ്ഗ് താലൂക്കിൽ 216 അപേക്ഷകളും പട്ടയം നൽകാൻ ഇനിയും ബാക്കിയുണ്ട്. ആയത് പരിശോധിച്ച് അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly